(ഇ) ഉണ്ട്. ജില്ലാപഞ്ചായത്തുകൾ വഴി, പുഴകളിലും കായലുകളിലും, ആറ്റുകൊഞ്ച് മുതലായ അമിതചൂഷണം നേരിടുന്ന മത്സ്യയിനങ്ങൾ നിക്ഷേപിച്ചു വളർത്തുന്ന സാമൂഹ്യമത്സ്യകൃഷി വിജയകരമായി നടപ്പാക്കിവരുന്നു. ഇതേത്തുടർന്ന് ഉൾനാടൻ ജലാശയങ്ങളിൽ ആറ്റുകൊഞ്ചിന്റെ ലഭ്യത ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. എന്നാൽ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൊച്ചി യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഇത്തരം പഠന പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ കൃഷി സാങ്കേതിക വിദ്യാപദ്ധതി (NATP) യുടെ ആഭിമുഖ്യത്തിൽ കേരളം ഉൾപ്പെടെ രാജ്യത്ത് വംശനാശഭീഷണി നേരിടുന്ന മൽസ്യസമ്പത്തിനെപ്പറ്റി വിപുലമായ പഠനം നടന്നുവരുന്നുണ്ട്.

(ജി) ഉണ്ട്. കേരളത്തിലെ മിക്ക നദികളുടെയും പ്രഭവസ്ഥാനങ്ങളിൽ ധാരാളമായി കണ്ടുവന്നിരുന്നതും ഇപ്പോൾ വംശനാശ ഭീഷണി നേരിടുന്നതുമായ കുയിൽ മൽസ്യം (മഹസീർ) സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു.

മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം

15 (*136) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനാൽ സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നതായ സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു)

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, വകുപ്പിന്റെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി വരുന്നു. കൂടാതെ നാഷണൽ പെർമിറ്റ്, പ്രൈവറ്റ് വാഹനങ്ങൾക്ക് നൽകുന്ന പെർമിറ്റ്, ഡ്രൈവിംഗ് ലൈസൻസ്, ലേണേഴ്സ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ നമ്പർ എന്നിവ നൽകുന്നതിലുള്ള കാലതാമസം പരമാവധി

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കുന്നത് ലക്ഷ്യമാക്കി അവയ്ക്കുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നിലവിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്ക് പുറമേ ഓരോ റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും സംസ്ഥാനത്ത് ഒട്ടാകെ 5 മൊബയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റോഡ് സുരക്ഷയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നത അധികാര സമിതിയും, പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ താമസംവിനാ നടപ്പാക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉന്നത അധികാര സമിതിയുടെ നിർദേശാനുസരണം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ടുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി വരുന്നു. കൂടാതെ വാഹനങ്ങളുടെ പരമാവധി വേഗത നിയന്ത്രിക്കുന്നതിനും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നു. പുതുതായി രൂപീകരിച്ച 5 മൊബയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ റോഡ് സുരക്ഷ കൂടുതൽ ഉറപ്പു വരുത്തുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനം

16 (*137) ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനും സുഗമമായ മത്സ്യബന്ധനത്തിനുമായി അത്യാധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനും സുഗമമായ മത്സ്യബന്ധനത്തിനുമായി ഫിഷറീസ് വകുപ്പ് ആധുനിക വയർലെസ് സംവിധാനം ഏർപ്പെടുത്തിത്തുടങ്ങി. ഒന്നാംഘട്ടമായി പൊഴിയൂർമുതൽ വൈപ്പിൻ വരെ ഈ സംവിധാനം നടപ്പിൽ വരുത്തുന്നു. ജോലി പൂർത്തിയായി. ഇതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 200 വാക്കി ടോക്കി സെറ്റുകൾ വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly